©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി III**
**(SUBJECT COMMITTEE III)**

**ജലവിഭവം**
**(WATER RESOURCES)**

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2024 -2025)

# FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2024 -2025)

**2024 ജൂൺ 10 -ാം തീയതി സമർപ്പിച്ചത്**
**(Presented on June 10, 2024)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്റ്റ് കമ്മിറ്റി III**
**(SUBJECT COMMITTEE III)**

# ജലവിഭവം
# (WATER RESOURCES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്
(2024 -2025)

FOURTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2024-2025)

399/2024.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി III
# (ജലവിഭവം)
# (2023 -2026)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ.  റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ആന്റണി രാജു

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മാണി  സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എച്ച്. സലാം

ശ്രീ. ടി. സിദ്ദിഖ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി   ഷബാന അഞ്ജം., ജോയിന്റ് സെക്രട്ടറി

ശ്രീ.  ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.  വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

## അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2024 ഫെബ്രുവരി 21, 28 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XX — ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXIX — കൃഷി (ചെറുകിട ജലസേചനം)
(2702, 2705, 4702, 4705, 6705 എന്നീ കണക്കിനങ്ങൾ മാത്രം)

ധനാഭ്യർത്ഥന നമ്പർ XXXVIII — ജലസേചനം

മേൽ പരാമർശിച്ച ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ അധിക വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി നൽകിയ നിർദ്ദേശങ്ങളും ശിപാർശകളുമാണ് ഈ റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്.

2024 മാർച്ച് 6-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ജൂൺ 10.

**റോഷി അഗസ്റ്റിൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ —XX

ശുദ്ധജലവിതരണവും ശുചീകരണവും

വോട്ട് ചെയ്തത് : 1310.7097 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

**2215— ശുദ്ധജലവിതരണവും ശുചീകരണവും**

2215-01-003-99—ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം - പരിശീലനം - ഐ.ഇ.സി., കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബ്

വിഹിതം : 15 ലക്ഷം രൂപ (പ്ലാൻ)

1) ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനും ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പതിനായിരത്തോളം വരുന്ന സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും ജില്ലാ സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ജലസംബന്ധമായ മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-004-99—ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം-ഗവേഷണം-എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്.

വിഹിതം : 1 കോടി രൂപ (പ്ലാൻ)

2) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കൂടാതെ കേരള ജല അതോറിറ്റിയിൽ കേന്ദ്ര ഡേറ്റാബേസ് മാനേജ്മെന്റ് പ്രാവർത്തികമാക്കുന്നതിനായി സോഫ്റ്റ്‌വെയർ ടീമിനെ സൃഷ്ടിച്ചുകൊണ്ട് അക്കൗണ്ടിംഗ്, പ്രൊക്യൂർമെന്റ്, പ്രോജക്ട്

മാനേജ്മെന്റ്, കംപ്ലൈൻസ് എന്നീ മേഖലകളിൽ കൂടുതൽ കൃത്യവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 50.98 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-101-97(01)—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം- നഗര ശുദ്ധ ജലവിതരണ പദ്ധതി-കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ- നവീന സാങ്കേതിക വിദ്യകളും, ആധുനിക മാനേജ്മെന്റ് രീതികളും

വിഹിതം : 1 കോടി രൂപ (പ്ലാൻ)

3) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3.84 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -01-102-80—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണ പദ്ധതി - പൊതുജന സഹായത്തോടുകൂടിയ ജലവിതരണ പദ്ധതിയ്ക്ക് സുസ്ഥിരത ഉറപ്പാക്കൽ

വിഹിതം : 30.9 കോടി രൂപ (പ്ലാൻ)

4) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സാമൂഹിക ഉടമസ്ഥതയിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതികളിൽ വിവിധ കാരണങ്ങളാൽ പൂർണ്ണമായോ ഭാഗികമായോ പ്രവർത്തന രഹിതമായ പദ്ധതികൾ പുനരുദ്ധരിച്ച് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനത്തിനും സുസ്ഥിരത ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികളിൽ 2024-25 സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന 798 പദ്ധതികളുടെ പുനരുദ്ധാരണത്തിനും ഇനി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പദ്ധതികളുടെ ബിൽ തുക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരു ത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -01-190-99-(01)—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മപരിശോധനയും

വിഹിതം : 1.1 കോടി രൂപ (പ്ലാൻ)

5) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.05 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -01-190-99(19)- 31—ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളം

വിഹിതം : 191.2208 കോടി രൂപ (നോൺ പ്ലാൻ)

6) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ്. എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1134.11 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99(19)-36—ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധന-സഹായധനം - ശമ്പളേതരം.

വിഹിതം : 133.9138 കോടി രൂപ (നോൺ പ്ലാൻ)

7) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2502.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-92—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും-മറ്റുമുള്ള സഹായം - കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

വിഹിതം : 3 കോടി രൂപ (പ്ലാൻ)

8) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 17.51 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-88—ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-ഇ - ഗവേർണൻസ്, ജി. ഐ.എസ്. ഉം ൻഫർമേഷൻ മാനേജ്മെന്റ്

വിഹിതം : 1 കോടി രൂപ (പ്ലാൻ)

9) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കൂടാതെ നിലവിൽ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സൂക്ഷിച്ചിരിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ ക്രിട്ടിക്കൽ ഡാറ്റാകൾക്ക് ഡിസാസ്റ്റർ റിക്കവറി സെന്റർ ലഭ്യമല്ലാത്തതിനാൽ ഒരു ഹോട്ട് ഡിസാസ്റ്റർ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ സർവർ സോഫ്റ്റ്‌വെയർ, നെറ്റ്‌വർക്ക് മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 1.4637 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -01-800-64 —ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ- മഴവെള്ളക്കൊയ്ത്തിന്റെയും KRWSA യിലൂടെ GWR പരിപാടിയുടെയും അളവുയർത്തൽ

വിഹിതം : 10 കോടി രൂപ (പ്ലാൻ)

10) മഴവെള്ളക്കൊയ്ത്ത്, ഭൂഗർഭജല റീചാർജ്ജ് എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുക , മലയോര മേഖലകൾ, തീരപ്രദേശങ്ങൾ, ഉൾപ്രദേശങ്ങൾ തുടങ്ങിയ കുടിവെള്ള ലഭ്യത തീരെക്കുറഞ്ഞ പ്രദേശങ്ങളിൽ മഴവെള്ളക്കൊയ്ത്ത് പദ്ധതി പ്രകാരം കുടിവെള്ളം ലഭ്യമാക്കുക, ഭൂഗർഭ റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 2520 വ്യക്തിഗത കുടുംബങ്ങൾക്ക് പതിനായിരം ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണികൾ (മുൻവർഷങ്ങളിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തതുൾപ്പെടെ) സ്ഥാപിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ളക്കൊയ്ത്തിന്റെ ഭാഗമായി 5 എണ്ണം മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനും കിണർ റീചാർജിംഗ് നടത്തുന്നതിനും 50 എണ്ണം ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ

13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -01-800-47—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ- കുടിവെള്ള വിതരണവും-വരൾച്ച പരിഹാരവും

വിഹിതം : 7.5 കോടി രൂപ (പ്ലാൻ)

11) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 13.33 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-106-97—ശുദ്ധജലവിതരണവും ശുചീകരണവും-മാലിന്യ നിവാരണവും ശുചീകരണവും - വായു-ജല മലിനീകരണം തടയൽ-നദി മലിനീകരണം തടയുന്നതിനും എൻ.ജി.ടി. നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പ്രവൃത്തി

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

12)കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 6.46 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-190-99(02)-31—ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും -പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജലഅതോറിറ്റിയ്ക്കുള്ള സഹായധനം-സഹായധനം-ശമ്പളം

വിഹിതം : 18.9816 കോടി രൂപ (നോൺ പ്ലാൻ)

13) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും, ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ്. എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 25.61 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -02-190-99 (02)-36—ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യനിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.

വിഹിതം : 13.1666 കോടി രൂപ (നോൺ പ്ലാൻ)

14) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഇതുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവ നൽകുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്,വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 82.85 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4215—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്**

4215-01-101-97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി-നഗര ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/ പുനരധിവാസം

വിഹിതം : 34 കോടി രൂപ (പ്ലാൻ)

15) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 107.78 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 101- 94—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി- ADB സഹായത്തോടെയുള്ള കേരള നഗര ജല വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (KUWSIP)(EAP)

വിഹിതം : 75 കോടി രൂപ (പ്ലാൻ)

16) കൊച്ചി വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്ന പാക്കേജ് ആരംഭിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-102-98 (01)—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം-നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ - നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ

വിഹിതം : 70 കോടി രൂപ (പ്ലാൻ)

17) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 48.5695 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-102-97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണം-ഗ്രാമീണ ജലവിതരണ പദ്ധതികൾ

വിഹിതം : 10 കോടി രൂപ (പ്ലാൻ)

18) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 67.63 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-102-92-(02)—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം-ജൽ ജീവൻ മിഷൻ (NRDWP) 50% കേന്ദ്ര വിഹിതം-ജൽ ജീവൻ മിഷൻ (NRDWP)50%സംസ്ഥാന വിഹിതം

വിഹിതം : 550 കോടി രൂപ (പ്ലാൻ)

19) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം ഗ്രാമീണ മേഖലയിൽ 10.68 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധന സംവിധാനം നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 7950 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 -01-102-91—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം-ജലനിധിയുടെ കീഴിലുള്ള ജല വിതരണ ദ്ധതികളുടെ പൂർത്തീകരണം ഘട്ടം II

വിഹിതം : 1.25 കോടി രൂപ (പ്ലാൻ)

20) ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 6.7011 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-92—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - മറ്റു ചെലവുകൾ -ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും

വിഹിതം : 2 കോടി രൂപ (പ്ലാൻ)

21) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3.31 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 -01-800-91—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം -മറ്റു ചെലവുകൾ മാനവശേഷി വികസനവും ഗവേഷണവും

വിഹിതം : 1 കോടി രൂപ (പ്ലാൻ)

22) കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.3297 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-90—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം-മറ്റ് ചെലവുകൾ - പ്രത്യേകസ്ഥാപനങ്ങൾ/ സ്ഥലങ്ങൾക്കുള്ള ശുദ്ധജല പദ്ധതി

വിഹിതം : 5 കോടി രൂപ (പ്ലാൻ)

23) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.58 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-89—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്- ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ.

വിഹിതം : 45 കോടി രൂപ (പ്ലാൻ)

24) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 99.56 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-88—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജലവിതരണ പദ്ധതി.

വിഹിതം : 3 കോടി രൂപ (പ്ലാൻ)

25) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 19.83 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-87—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-മറ്റുചെലവുകൾ-ഊർജ്ജ കാര്യക്ഷമതാ മെച്ചപ്പെടുത്തൽ , ഇലക്ട്രോമെക്കാനിക്കൽ ഇനങ്ങളുടെ ഒപ്ടിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യൂ.ടി.പി.കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷ ഉറപ്പാക്കൽ

വിഹിതം : 5 കോടി രൂപ (പ്ലാൻ)

26) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.32 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-86—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - കെ. ഡബ്ല്യൂ.എ. അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

27) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 -01-800-82—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ജലാശയങ്ങളുടെ പുനരുജ്ജീവനം

വിഹിതം : 1 കോടി രൂപ (പ്ലാൻ)

28) ശുദ്ധജല വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി കേരളത്തിലെ ജലാശയങ്ങൾ /തണ്ണീർ തടങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ശാസ്താംകോട്ട കായലിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നതിനും സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-02-102-99—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും -ഗ്രാമീണ ശുചിത്വ സേവനം -ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും

വിഹിതം : 3.5 കോടി രൂപ (പ്ലാൻ)

29) കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളിലൂടെയുള്ള ജലത്തിന്റെ ഗുണനിലവാര നിരീക്ഷണത്തിനുള്ള സംവിധാനം ഒരുക്കുന്നതിനായി 1.5 കോടി രൂപയും ദുർബല ജനവിഭാഗങ്ങളുടെ കോളനികളിലെ ഗ്രേ വാട്ടർ മാനേജ്മെന്റിനായി 1 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-02-190-99—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും -പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ -കേരള ജല അതോറിറ്റിയുടെ മാലിന്യ സംസ്കരണ പദ്ധതി.

വിഹിതം : 35 കോടി രൂപ (പ്ലാൻ)

30) കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും സ്വച്ഛ് ഭാരത് മിഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്കായുള്ള സ്വീവറേജ് നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 532.09 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ—XXIX (കൃഷി)**

വോട്ട് ചെയ്തത് : 3402.4450 കോടി രൂപ

ചാർജ്ജ് ചെയ്തത് : 5.52 ലക്ഷം രൂപ

**2702—ചെറുകിട ജലസേചനം**

2702-01-800-94-02—ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - വേതനം

വിഹിതം : 3.41 കോടി രൂപ (നോൺ പ്ലാൻ)

31) താല്ക്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ ദിവസ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-01-800-94- 34—ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - മറ്റു ചെലവുകൾ

വിഹിതം : 33.3507 കോടി രൂപ (നോൺ പ്ലാൻ)

32) ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ നിർമ്മിതികളുടെ സുഗമമായ പ്രവർത്തനത്തിനും അവയുടെ വാർഷിക പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം കാരണം നിർമ്മിതികൾക്കുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-01-800-88-33—ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ.

വിഹിതം : 15.75 കോടി രൂപ (നോൺ പ്ലാൻ)

33) ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക സഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-01-800-86—ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുനഃസ്ഥാപിക്കൽ

വിഹിതം : 2 കോടി രൂപ (പ്ലാൻ)

34) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ നദികളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അതുവഴി ട്രൈബ്യൂണൽ ചുമത്താൻ സാധ്യതയുള്ള പിഴ ഒഴിവാക്കി കിട്ടുന്നതിനുമുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-03-101-98-(02)-34—ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ - മറ്റു ചെലവുകൾ

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

35) കാലപ്പഴക്കംമൂലം പൂർണ്ണമായും ഉപയോഗപ്രദമല്ലാത്ത ജലസേചന വകുപ്പിനു കീഴിലുള്ള നിർമ്മിതികളുടെ പുനരുദ്ധാരണ/നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-03-101-98-(03)-34-3—ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ-വാട്ടർ ടാങ്കുകൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപ്പണികൾ -മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : 13.9755 കോടി രൂപ (നോൺ പ്ലാൻ)

36) അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം തോടുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-03-101-95—ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ - ഒറ്റത്തവണ സഹായം

വിഹിതം : ഇല്ല

37) ജലസേചന വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും കാലപ്പഴക്കം മൂലവും ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവംമൂലം അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും ശോചനീയാവസ്ഥയിലായതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-80-005-99-34—ചെറുകിട ജലസേചനം - ജനറൽ-അന്വേഷണം - ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും-മറ്റു ചെലവുകൾ

വിഹിതം : 50 ലക്ഷം രൂപ ( പ്ലാൻ)

38) ജനപ്രതിനിധികളിൽ നിന്നും കർഷക സമിതികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിവിധ ശീർഷകങ്ങളിൽ പുതിയ ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള പര്യവേഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4702—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്**

4702-00-101-99—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് -I

വിഹിതം : 16 കോടി രൂപ ( പ്ലാൻ)

39) കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ഹെക്ടറിനു മുകളിൽ 2000 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-89—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതല ജലം -മലബാർ ജലസേചന പാക്കേജ് (മിർപാ)- റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പുനരുദ്ധാരണം.

വിഹിതം : 5 കോടി രൂപ (നോൺ പ്ലാൻ)

40) മലബാർ മേഖലയിൽ ചെറുകിട ജലസേചനത്തിനായി നിലവിലുള്ള സ്കീമുകളുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി കൂടുതൽ സ്ഥലങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും നിലവിലുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-87—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - കുളങ്ങളുടെ നവീകരണം

വിഹിതം : ഇല്ല.

41) ജലസേചന സൗകര്യത്തിനുതകുന്ന തരത്തിൽ പൊതുകുളങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-82—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ്സ് II

വിഹിതം : 16 കോടി രൂപ (പ്ലാൻ)

42) കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചെറുകിട കർഷകർക്ക് സഹായകരമായ തരത്തിൽ 50 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-79—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ചെക്ക് ഡാമുകളും റെഗുലേറ്ററുകളും

വിഹിതം : ഇല്ല.

43) വരൾച്ച പ്രതിരോധിക്കുന്നതിനും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുമായി നദികളിലും പുഴകളിലും തോടുകളിലും ചെക്ക് ഡാമുകൾ/ റെഗുലേറ്ററുകൾ നിർമ്മിച്ച് ജലസംഭരണം നടത്തുന്നതിലേക്കുമായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-77—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

വിഹിതം : 2.60 കോടി രൂപ (പ്ലാൻ)

44) കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണൽ വഴി കേരളത്തിന് അനുവദിച്ച ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി കബനി നദീതടത്തിൽ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-73—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം

വിഹിതം : 2 കോടി രൂപ (പ്ലാൻ)

45) അപ്രതീക്ഷിതമായ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം എൽ.ഐ പദ്ധതികൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വലിയ തോതിൽ നാശ നഷ്ടങ്ങൾ സംഭവിക്കുന്നതിനാൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവർത്തന രഹിതമായ എൽ.ഐ. പദ്ധതികളുടെ പുനരുദ്ധാരണത്തിനും കൂടാതെ കൂടുതൽ പ്രദേശത്ത് കാർഷിക ആവശ്യങ്ങൾക്കായി ജലം ലഭ്യമാക്കുന്നതിനാവശ്യമായ ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനും നിലവിലുള്ള കനാലുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-66—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം- ചെറുകിട ജലസേചന പദ്ധതികൾ ക്ലാസ്സ് I- (ഹരിത കേരളം)

വിഹിതം : 17.10 കോടി രൂപ (പ്ലാൻ)

46) ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-65—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് II- ഹരിത കേരളം

വിഹിതം : 6.5 കോടി രൂപ (പ്ലാൻ)

47) ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-64—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം

വിഹിതം : ഇല്ല

48) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താത്ത ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-63—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - ഹരിത കേരളം പദ്ധതികൾ

വിഹിതം : 7.5 കോടി രൂപ (പ്ലാൻ)

49) ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-102-94 -(01)—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി- മരാമത്തുകൾ.

വിഹിതം : 4 കോടി രൂപ (പ്ലാൻ)

50) കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗീകമായോ ഇല്ലാത്ത പ്രദേശങ്ങളിലെ 1500 കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ സാധിക്കുന്ന തരത്തിൽ 120 എണ്ണം ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും 40 എണ്ണം കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ—XXXVIII (ജലസേചനം)

വോട്ട് ചെയ്യുന്നത് : 867.0816 കോടി രൂപ

ചാർജ്ജ് ചെയ്യുന്നത് : 96.45 ലക്ഷം രൂപ

**2700—വൻകിട ജലസേചനം**

2700-01-101-98—വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം ) സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ

വിഹിതം : 8.0801 കോടി രൂപ (നോൺ പ്ലാൻ)

51) പഴയ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-12—വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)

വിഹിതം : 4.4955 കോടി രൂപ (നോൺ പ്ലാൻ)

52) 2025 ഡിസംബറിൽ പദ്ധതി റീകമ്മീഷനിംഗ് ചെയ്യേണ്ടതിനാലും പുതിയ ഓഫീസ് സമുച്ചയങ്ങൾ ഉൾപ്പെടുന്ന ഇറിഗേഷൻ കെട്ടിട സമുച്ചയത്തിന്റെ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശചെയ്യുന്നു.

2700-13—വൻകിട ജലസേചനം - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 9.1059 കോടി രൂപ (നോൺ പ്ലാൻ)

53) കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖല, ജലവിതരണത്തിന് മുന്നോടിയായി വൃത്തിയാക്കുന്ന പ്രവൃത്തിക്കായി ഈ ശീർഷകത്തിൽ 7.12 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-14-101-98—വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)- സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ

വിഹിതം : 50.02 ലക്ഷം രൂപ (നോൺ പ്ലാൻ)

54) ടൂറിസം പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-18—വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 7.0668 കോടി രൂപ (നോൺ പ്ലാൻ)

55) ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും കൂടാതെ വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റു അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-26-101-98-34-2—വൻകിട ജലസേചനം - തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം) -സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്

വിഹിതം : 1.89 ലക്ഷം രൂപ (നോൺ പ്ലാൻ)

56) തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ്, കുടിശ്ശിക ഉൾപ്പെടെ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-27-101-98—വൻകിട ജലസേചനം - കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ -മറ്റു ചെലവുകൾ

വിഹിതം : 4.5001 കോടി രൂപ (നോൺ പ്ലാൻ)

57) കനാലുകളിലൂടെയുള്ള സുഗമമായ ജലവിതരണത്തിനുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2701—ഇടത്തരം ജലസേചനം**

2701-12—ഇടത്തരം ജലസേചനം - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

വിഹിതം : 2000 രൂപ (നോൺ പ്ലാൻ)

58) അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് അധികമായി എത്തിച്ചേരുന്ന ജീവനക്കാർക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ടി നിലവിൽ ജീർണ്ണാവസ്ഥയിലുള്ള ക്വാർട്ടേഴ്സുകളുടെയും ഇൻസ്പെക്ഷൻ

ബംഗ്ലാവുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-15-101-98-34-2—ഇടത്തരം ജലസേചനം- കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - വൈദ്യുതി ചെലവ്.

വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

59) തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചെലവിനത്തിലായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-20—ഇടത്തരം ജലസേചനം - വെള്ളിയാംകല്ല് കാസ് വേ (വാണിജ്യേതരം)

വിഹിതം : 17.63 ലക്ഷം രൂപ (നോൺ പ്ലാൻ)

60) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അടിയന്തര ഇലക്ട്രിക്കൽ ,മെക്കാനിക്കൽ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 76.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701 80 -001-92-99—ഇടത്തരം ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - വകുപ്പ് നവീകരണവും ഇ - ഗവേർണൻസും- വിവരസാങ്കേതിക വിദ്യ.

വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

61) ജലസേചന വകുപ്പിനുകീഴിൽ ഇ-ഓഫീസ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1350 എണ്ണം ലാപ്ടോപ്പുകൾ, 150 എണ്ണം സ്കാനറുകൾ എന്നിവ നടപ്പ് സാമ്പത്തിക വർഷം തന്നെ വാങ്ങുന്നതിനായി 6 കോടി രൂപയുടെയും ഐ. റ്റി. ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 50 ലക്ഷം രൂപയുടെയും വെബ്സൈറ്റ് അപ്ഗ്രഡേഷനായി 10 ലക്ഷം രൂപയുടെയും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 5.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80 -003-99—ഇടത്തരം ജലസേചനം - ജനറൽ - പരിശീലനം - പ്രത്യേക പരിശീലന പരിപാടി

വിഹിതം : 40 ലക്ഷം രൂപ ( പ്ലാൻ)

62) ജലസേചന വകുപ്പിന് കീഴിലുള്ള ഐ. റ്റി സെൽ പുനഃരുജ്ജീവിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് E-Governance, Website Upgradation, Application Software -ന്റെ ഉപയോഗം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും സ്ഥാനക്കയറ്റം ലഭിച്ചുവരുന്ന Ist Grade, IInd Grade, III Grade, Draftsman/overseer's എന്നിവർക്കുള്ള പരിശീലനം നൽകുന്നതിനും കൂടാതെ ക്ലർക്കുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിലേക്കായി മലയാളം കമ്പ്യൂട്ടിംഗ് നിർബന്ധമാക്കിയിരിക്കുന്നതിനാൽ ആയതിലേക്കുള്ള പരിശീലനം നല്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-005-93—ഇടത്തരം ജലസേചനം - ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും -ഡിസൈൻ വിംഗ് ആധുനികവൽക്കരണം

വിഹിതം : 2 കോടി രൂപ (പ്ലാൻ)

63) ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിലും ഡയറക്ടർ KERI-യുടെ കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലും കംപ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനും ഇതിനുപുറമെ നടപ്പ് സാമ്പത്തിക വർഷം കൂടുതലായി ആവശ്യം വരുന്ന ബയോമെട്രിക് ഉപകരണങ്ങൾ, സോഫ്റ്റ്‌വെയറുകൾ, ക്വാളിറ്റി കൺട്രോൾ ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-052-98-34-3—ഇടത്തരം ജലസേചനം - ജനറൽ - യന്ത്രോപകരണങ്ങൾ - വാഹനങ്ങളും അറ്റകുറ്റപ്പണികളും - മറ്റു ചെലവുകൾ- മറ്റിനം.

വിഹിതം : 54.45 ലക്ഷം രൂപ (നോൺ പ്ലാൻ)

64) വകുപ്പ് പുതുതായി വാങ്ങി ഉപയോഗിക്കുന്ന എസ്കവേറ്റർ, ഡ്രഡ്ജർ, ജെ.സി.ബി. എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2711—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും**

2711-01-103-99-34-3—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്ക് - വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ -സംരക്ഷണം- മറ്റു ചെലവുകൾ - മറ്റിനം.

വിഹിതം : 12 കോടി രൂപ (നോൺ പ്ലാൻ)

65) തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനായുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-103-98-34-3—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്കക്കെടുതികൾമൂലമുള്ള അറ്റകുറ്റ പണികൾ - മറ്റു ചെലവുകൾ - മറ്റിനം.

വിഹിതം : 7.5 കോടി രൂപ (നോൺ പ്ലാൻ)

66) തുടർച്ചയായുണ്ടാകുന്ന പ്രളയം മൂലമുള്ള വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-02-103-99-34-3—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്സ് - കടലാക്രമണ നിരോധന പണികൾ -സംരക്ഷണം - മറ്റു ചെലവുകൾ - മറ്റിനം.

വിഹിതം : 10 കോടി രൂപ (നോൺ പ്ലാൻ)

67) ലോകബാങ്കിന്റെ programme For Results (P For R)-Additional Financing പദ്ധതിയുടെ സഹായം സംസ്ഥാനത്തിന് ലഭിക്കുന്നതിനുള്ള മാനദണ്ഡപ്രകാരമുള്ള തീരദേശസംരക്ഷണ പ്രവൃത്തികൾ നടപ്പ് സാമ്പത്തിക വർഷം തന്നെ ആരംഭിച്ചാൽ മാത്രമേ ലോകബാങ്കിന്റെ വിതരണം ആരംഭിക്കുകയുള്ളൂവെന്നതിനാൽ ഇതിലേക്കായി വിഭാവനം ചെയ്തിട്ടുള്ള ശരാശരി 20 കോടി രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 500 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-02-800-98—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - മറ്റു ചെലവുകൾ - തീരദേശ സംരക്ഷണ പഠനം

വിഹിതം : 53 ലക്ഷം രൂപ (പ്ലാൻ)

68) ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് തീരദേശ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി SLMP ആവിഷ്കരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ ആയതിലേക്കായി stake Holder Consultation, data collection

മുതലായവ നടത്തുന്നതിനും നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കേണ്ടതായ പദ്ധതികൾ സംബന്ധിച്ച സാമൂഹിക പാരിസ്ഥിതിക പഠനങ്ങൾ നടത്തുന്നതിനും അവയുടെ രൂപകല്പന നിർവ്വഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4700—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്**

4700-12—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-പഴശ്ശി പദ്ധതി (വാണിജ്യേതരം)

വിഹിതം : 15 കോടി രൂപ ( പ്ലാൻ)

69) പഴശ്ശി പദ്ധതി 2025 ഡിസംബറോടുകൂടി റീ കമ്മീഷനിംഗ് ചെയ്യേണ്ടതിനാൽ നാശോന്മുഖമായ കനാൽ ശൃംഖലകളും സ്ട്രക്ചറുകളും നവീകരിക്കുവാനും പുതുക്കി നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 65 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-13—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 5 കോടി രൂപ ( പ്ലാൻ)

70) 50 വർഷം പഴക്കമുള്ള കനാലും കനാൽ അനുബന്ധ നിർമ്മിതികളും കാലപ്പഴക്കം കാരണം അപകടാവസ്ഥയിലായതിനാലും ജലവിതരണ സമയത്ത് കനാൽ ബ്രീച്ച് ആകുന്ന സ്ഥിതി വിശേഷമുള്ളതിനാലും പ്രസ്തുത ജലസേചന പദ്ധതിയുടെ സമഗ്ര നവീകരണം 5 വർഷം കൊണ്ട് പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന 180 കോടി രൂപയുടെ പദ്ധതിക്കുള്ള നടപ്പുസാമ്പത്തിക വർഷത്തെ വിഹിതമായി ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-18—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 10 കോടി രൂപ ( പ്ലാൻ)

71) ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും കൂടാതെ വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റു അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700 -21 -800-97—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മീനച്ചിൽ പദ്ധതി (വാണിജ്യേതരം)- മറ്റുചെലവുകൾ-അണക്കെട്ടും അനുബന്ധ പണികളും (മീനച്ചിൽ നദീതട പദ്ധതി)

വിഹിതം : 3 കോടി രൂപ ( പ്ലാൻ)

72) അരുണാപുരം റഗുലേറ്ററിന്റെ നിർമ്മാണത്തിനും ഓഫിസ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 47 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-22-800-93—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ- കെട്ടിടങ്ങൾ

വിഹിതം : 3.98 ലക്ഷം രൂപ (പ്ലാൻ)

73) കാലപ്പഴക്കംമൂലം നാശോന്മുഖമായിരിക്കുന്ന കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-22-800-92—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ-കനാലുകൾ

വിഹിതം : 14.76 ലക്ഷം രൂപ (പ്ലാൻ)

74) കനാലുകളിലൂടെ സുഗമമായ ജലവിതരണം നടത്തുന്നതിനായുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-22-800-91—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) -മറ്റു ചെലവുകൾ-ബ്രാഞ്ചുകൾ

വിഹിതം : 6.55 ലക്ഷം രൂപ (പ്ലാൻ)

75) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ബ്രാഞ്ച് കനാലുകളിലൂടെ സുഗമമായ ജലവിതരണം നടത്തുന്നതിനായുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-22-800-90—വൻകിടജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) - മറ്റു ചെലവുകൾ - ഡിസ്ട്രിബ്യൂട്ടറികൾ-

വിഹിതം : 39.66 ലക്ഷം രൂപ (പ്ലാൻ)

76) ഡിസ്ട്രിബ്യൂട്ടറികളിലൂടെയുള്ള സുഗമമായ ജലവിതരണത്തിനുവേണ്ടിയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-22-800-84—വൻകിടജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) - മറ്റു ചെലവുകൾ - പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ. ) മൂവാറ്റുപുഴ – കാഡ പദ്ധതി 50 ശതമാനം കേന്ദ്ര വിഹിതം

വിഹിതം : 3 കോടി രൂപ (പ്ലാൻ)

77) 2026 മാർച്ചിനുള്ളിൽ പൂർത്തീകരിക്കേണ്ടതായ കാഡ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-28—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)

വിഹിതം : 25 കോടി രൂപ (പ്ലാൻ)

78) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഹെക്ടറോളം ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 2.5 കോടി രൂപയും 4700- 28-001-97-00-45-00, 4700- 28-001-97-00-93-00 എന്നീ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ യഥാക്രമം 1.5 ലക്ഷം രൂപ, 5 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തുന്നതിലേയ്ക്കായും കൂടാതെ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 2024-25 സാമ്പത്തിക വർഷത്തെ ഭരണ നടത്തിപ്പിനായി 2.88 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 5.445 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700- 80-005-99 (02)—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - സർവ്വേയും അന്വേഷണവും - ജലസേചന പദ്ധതികളിന്മേൽ അന്വേഷണം - മരാമത്തു പണികൾ

വിഹിതം : 2.0474 കോടി രൂപ (പ്ലാൻ)

79) കബനി ബേസിനിലെ phase I-ലെയും phase II-ലെയും പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 15.03 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4701—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്**

**4701 - 12**—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

80) അട്ടപ്പാടി പദ്ധതിയുടെ നിർമ്മാണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഡാമിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-13—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 32 കോടി രൂപ (പ്ലാൻ)

81) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 22 ഹെക്ടറോളം ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 40 കോടി രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ നടപ്പ് സാമ്പത്തിക വർഷത്തെ ഭരണ നടത്തിപ്പിനായി 5.90 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 45.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-18-—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

82) ചമ്രവട്ടം പ്രോജക്ടിലെ നവീകരണ പ്രവർത്തനങ്ങൾക്കായും ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.95 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-99-34-3—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റു ചെലവുകൾ - കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ ,പീച്ചി സ്റ്റേജ് II -വികസനം- മറ്റു ചെലവുകൾ- മറ്റിനം

വിഹിതം : 1.1 കോടി രൂപ (പ്ലാൻ)

83) ജലസേചന വകുപ്പിന്റേയും, കേരള വാട്ടർ അതോറിറ്റിയുടെയും, മറ്റ് സ്വകാര്യ സ്ഥാപനങ്ങളുടെയും ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടത്തുന്ന ജലസേചന വകുപ്പിന് കീഴിലുള്ള ഗവേഷണ സ്ഥാപനമായ KERI-യുടെ വിവിധ ലബോറട്ടറികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും, വിവിധ മോഡൽ സ്റ്റഡികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-72—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റു ചെലവുകൾ - വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും,ഡ്രൈനുകളുടെയും ആധുനികവത്കരണം.

വിഹിതം : 11.1 കോടി രൂപ (പ്ലാൻ)

84) കാഡാ കനാലുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 4.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4711—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്**

4711-01-103-99-(01)—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - സിവിൽ പണികൾ - മരാമത്തു പണികൾ

വിഹിതം : ഇല്ല.

85) മുൻവർഷം പെയ്ത മഴയുടെ കാഠിന്യംമൂലം തിരുവനന്തപുരം നഗരം ഒഴികെയുള്ള സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ മണ്ണും ചെളിയും അടിഞ്ഞുകൂടിയതിനാൽ നദികളും തോടുകളും കരകവിഞ്ഞൊഴുകുകയും നദീതീരങ്ങൾ ഇടിഞ്ഞുപോവുകയും പലസ്ഥലങ്ങളിലും ജനങ്ങളുടെ വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുള്ള സംരക്ഷണ പ്രവൃത്തികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-98-(01)—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് -വെള്ളപ്പൊക്കനിയന്ത്രണം - സിവിൽ പണികൾ - തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ - മരാമത്തു പണികൾ .

വിഹിതം : ഇല്ല.

86) തിരുവനന്തപുരം നഗരത്തിലെ തോടുകളിലും നദികളിലും നഗരത്തിലെ കെട്ടിടങ്ങളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ അടിഞ്ഞുകൂടി ഉണ്ടാകുന്ന വെള്ളപ്പൊക്കം മൂലം വീടുകളിൽ വെള്ളം കയറി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നതൊഴിവാക്കാനുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-93—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല്- വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - മലബാർ ജലസേചന പാക്കേജ് (മിർപാ) ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ മുതലായവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.

വിഹിതം : 1 കോടി രൂപ ( നോൺ പ്ലാൻ)

87) മലബാർ മേഖലയിലെ ചെക്ക്ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2024 മാർച്ച് 06

റോഷി അഗസ്റ്റിൻ,
*ചെയർമാൻ*
*സബ്ജക്ട് കമ്മിറ്റി III.*